(ജി) പുത്തൻകുരിശ് ബ്രാഞ്ചു കനാലിന്റെ മെയിന്റനൻസിന് ഈ വർഷം 80,000/- രൂപ വകകൊള്ളിച്ചിട്ടുണ്ട്. മെയിന്റനൻസ് ചെയ്തു കഴിഞ്ഞാൽ അവസാനഭാഗത്ത് വെള്ളം എത്തിക്കാവുന്നതാണ്.

(എച്ച്) ഐരാപുരം അക്വഡേറ്റ് തകർന്ന് വീഴാറായ അവസ്ഥയൊന്നും ഇപ്പോൾ ഇല്ല. 'അക്വഡേറ്റി'ന് ചോർച്ചയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) നടപ്പുവർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കനാലിലൂടെ ജലവിതരണം ഇല്ലാത്ത സമയത്ത് അറ്റ കുറ്റപ്പണികൾ ഏറ്റെടുത്ത് ചെയ്തുതീർക്കാവുന്നതാണ്.

25 (1847) മുന്നാം കടവ് ജലസേചന പദ്ധതി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പദ്ധതി പ്രവർത്തനത്തിനായി എത്ര ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ ആഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ഡി) ഈ ഓഫീസുകളിൽ എത്ര ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ഇ) ഇതിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട്;

(എഫ്) പദ്ധതിപ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിപ്രവർത്തനത്തിനായി കണ്ണൂർ ഡിവിഷന്റെ കീഴിൽ ഒരു സബ്ഡിവിഷനും മൂന്നു സെക്ഷനുകളും പ്രവർത്തിച്ചുവരുന്നു.

(സി) ഈ പദ്ധതിയുടെ സബ്ഡിവിഷൻ ആഫീസും സെക്ഷൻ ആഫീസുകളും കാഞ്ഞുങ്ങാട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) മൊത്തം 23 ജീവനക്കാരുടെ തസ്തികകൾ

(ഇ) പന്ത്രണ്ട് ഒഴിവുകൾ

(എഫ്) ഈ പദ്ധതിയുടെ ഭൗമിക പര്യവേഷണം കഴിഞ്ഞു. വിശദമായ പര്യവേഷണം നടന്നുവരുന്നു.

26 (1848) ജലവിതരണ പദ്ധതികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly